സ്കൂളുകളുടെ വിവരങ്ങൾ

107 (1184) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എത്ര സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ. (കൈ) നമ്പർ 184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (കൈ) നമ്പർ 863/2015/പൊ.വി.വ. ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	-	22
കൊല്ലം	-	37
പത്തനംതിട്ട	-	8
ആലപ്പുഴ	-	12
കോട്ടയം	-	13
ഇടുക്കി	-	18
എറണാകുളം	-	15
തൃശ്ശൂർ	-	26
പാലക്കാട്	-	32
മലപ്പുറം	-	80
കോഴിക്കോട്	-	46
വയനാട്	-	10
കണ്ണൂർ	-	29
കാസർഗോഡ്	-	48
ആകെ		396

സ്മാർട്ട് ചിൽഡ്രൻ പദ്ധതി

108 (1185) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly